കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 13.03.2024 മുതൽ 17.03.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 11/2024 (21) ചൊവ്വാഴ്ച | തീയ്യതി 12/03/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 13.03.2024 | 14.03. 2024 | 15.03.2024 | 16.03. 2024 | 17.03.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 83 | 83 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 6 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 290 | 290 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 4 | 1 | 1 | 2 |

കാലാവസ്ഥാ അറിയിപ്പ്: എറണാകുളം ജില്ലയിൽ 12.03.2024 മുതൽ 14.03.2024 വരെ കൂടിയ താപനില ഏകദേശം 36 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | പരിപാലനം | മുണ്ടകൻറ്റെ വിത്ത് ഈർപ്പം തട്ടാത്ത സാഹചര്യങ്ങളിൽ ശരിയായി ഉണക്കി സൂക്ഷിക്കണം. മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞു തരിശ്ശിട്ടുന്ന പാടങ്ങളിൽ വേനൽക്കാല ഉഴവ് നടത്താനുള്ള സമയമാണ്. |
| വഴുതന | മീലിമൂട്ട | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ വഴുതനയിൽ മീലിമൂട്ടയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിച്ചുകൊടുക്കാവുന്നതാണ്. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ 8 മില്ലി സ്പൈറോമെസിഫിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വെണ്ട | മൊസൈക് രോഗം | ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം വെണ്ടയിൽ മൊസൈക് രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി ഡൈമെതൊയേറ്റ് ഒന്നര മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |

മൃഗസംരക്ഷണം -: പശുവിന്റെ വയറ്റിൽ ഉണ്ടാകുന്ന അമ്ലതയും ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നം ആയതിനാൽ, അത് ഒഴിവാക്കാനായി 30 ഗ്രാം സോഡാപൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും പശു തീറ്റയിൽ ചേർത്ത് നൽകുക. (CAADECCS, KVASU, Mannuthy).